ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഓർത്തഡോക്സ് ഇടവകയിലെ ഈ വർഷത്തെ ഓശാന ശുശ്രൂഷകൾ ഇടുക്കി ഭദ്രാസനാധിപൻ അഭി. മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകൾക്ക് നിലയ്ക്കൽ / മാവേലിക്കര ഭദ്രാസനാധിപൻ ഡോ ജോഷ്വ മാർ നിക്കോദീമോസ് മുഖ്യ കാർമ്മികത്വം വഹിക്കും, തിങ്കൾ ചൊവ്വ ദിവസങ്ങളിൽ വൈകിട്ട് ധ്യാന പ്രസംഗങ്ങളും പെസഹാ പെരുന്നാളിന്റെ ശുശ്രൂഷ ബുധനാഴ്ച വൈകിട്ടും നടത്തപ്പെട്ടും, വ്യാഴാഴ്ച വൈകിട്ട് 5 മണിക്ക് കാൽ കഴുകൽ ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.ദുഖവെള്ളിയുടെ ശശ്രൂഷകൾ രാവിലെ 07.30 മണിക്ക് ആരംഭിക്കുന്നതും ഉച്ചയ്ക്ക് ശേഷം 3.30 ന് നേർച്ചക്കഞ്ഞിയോടു കൂടി സമാപിക്കുന്നതുമാണ്. ഉയർപ്പിന്റെ ശുശ്രുഷകൾ ശനിയാഴ്ച വൈകിട്ട് 6.00 മണി മുതൽ ആരംഭിക്കും. ശുശ്രൂഷകൾക്ക് അഭി തിരുമേനിയോടൊപ്പം ഇടവക വികാരി ഫാ. എബ്രഹാം ജോൺ, സഹവികാരി ഫാ. യാക്കോബ് ബേബി, ഫാ. എബ്രഹാം മത്തായി, ഫാ. ഡാനിയേൽ കോടിയാട്ട് എന്നിവർ സഹകാർമ്മികത്വം വഹിക്കും.

ഫാ. എബ്രഹാം ജോൺ,

ഇടവക വികാരി

0506360361